**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 162 10.06.2013 ൽ മറുപടിക്ക്**

## <u>എയർ കേരളയ്ക്കുവേണ്ടിയുള്ള പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ:<br>ശ്രീ. തോമസ് ചാണ്ടി : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | എയർ കേരളയ്ക്കു വേണ്ടി പദ്ധതി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കുമോ; | (എ) യും (ബി) | ഇല്ല. കേന്ദ്രസർക്കാരിന്റെ നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസ് നടത്തുന്നതിന് ആഭ്യന്തര സർവ്വീസ് നടത്തിയുള്ള 5 കൊല്ലത്തെ പ്രവർത്തന പരിചയവും 20 വിമാനങ്ങളും വേണമെന്ന നിബന്ധനകൾക്ക് ഇളവുകൾ കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുവരെ ഇളവുകൾ ലഭിച്ചിട്ടില്ല. ഈ ഇളവുകൾ ലഭിച്ചാൽ മാത്രമേ അന്താരാഷ്ട്ര പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ അനുമതിക്കായി 'എയർ കേരള'ക്ക് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | കേന്ദ്രം മുന്നോട്ടു വച്ച നിബന്ധനകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ; കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിബന്ധനകളിൽ എന്തെല്ലാം ഇളവുകളാണ് ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ